# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2577** **18.08.2017 ൽ മറുപടിക്ക്**

**പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആഭ്യന്തര വകുപ്പ് 18.09.2015-ൽ 570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതും പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ആർക്കിയോളജിക്കൽ സർവ്വെ സ്റ്റോപ്പ് മെമ്മോ നൽകിയതിനെ തുടർന്ന് നിർത്തിവെച്ചതുമായ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിലെ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം മാത്രമേ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിലേക്ക് ആവശ്യമായ അനുമതി ലഭ്യമാക്കുവാൻ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. അനുവാദം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്. |
| (സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | |

Amadeni

**സെക്ഷൻ ഓഫീസർ**